പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## എൻ.ആർ.ഇ.ജി.എസ് പ്രകാരം തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1457 — 11-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | 2017 വർഷത്തിൽ എൻ.ആർ.ഇ.ജി.എസ് പ്രകാരം തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; ഈ തൊഴിൽ ദിനങ്ങളിലായി അവർക്ക് കേന്ദ്ര സർക്കാർ നൽകേണ്ട വേതനം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന് ശരാശരി 46.97 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. 1,58,248.9578 ലക്ഷം രൂപയാണ് 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിച്ചത്. ഇതിൽ കൂലിയിനത്തിൽ എൻ.എഫ്.എം.എസ് വഴി 1,38,670.928 ലക്ഷം രൂപയാണ് അനുവദിച്ചത്. എന്നാൽ 2,14,424 ലക്ഷം രൂപയാണ് വേതനയിനത്തിൽ ലഭിക്കേണ്ടിയിരുന്നത്. അതായത് 75,943 ലക്ഷം രൂപ വേതന കുടിശ്ശികയായി ഉണ്ടായിരുന്നു. ഈ തുക 07-07-2017-ൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും വേതനം കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തിയിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണെന്നും അറിയിക്കാമോ? | (ബി) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു വേണ്ടി 2013-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര വിഹിതം രണ്ടു ഗഡുക്കളായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ ഒരു സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് മുൻവർഷം മാർച്ച് മാസത്തിലാണ് കേന്ദ്ര സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകുന്നത്. തുടർന്ന് സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് വർഷങ്ങൾക്കുള്ളിൽ ഒന്നാമത്തെ ഗഡു വിതരണം ചെയ്യും. ഒന്നാം ഗഡുവിന്റെ 60 ശതമാനം തുക ചെലവഴിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സഹിതം രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിക്കാം.<br>2016-17 സാമ്പത്തിക വർഷം രണ്ടാം ഗഡുവിനായി ഓഡിറ്റ് റിപ്പോർട്ട് സഹിതം 2016 ഒക്ടോബർ മാസം 18-ാം തീയതി കേന്ദ്ര ഫണ്ടിന് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ കേന്ദ്ര സർക്കാർ പരിഗണിക്കുകയും രണ്ടു തവണകളായി 31,198.41 ലക്ഷം രൂപ അനുവദിച്ചു (01-12-2016-ന് 14,995.90 ലക്ഷം രൂപയും 03-01-2017-ന് 16,202.25 ലക്ഷം രൂപയും), തുടർന്ന് അർഹതപ്പെട്ട കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് 2017 ജനുവരി മാസം 19-ാം തീയതി സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പ്രകാരം 96,409.73 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടത് 73,171.27 ലക്ഷം രൂപയാണ്. ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത് ബോദ്ധ്യപ്പെട്ട് 2017 ഫെബ്രുവരി മാസം 23-ാം തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക അടിയന്തിരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി, ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഫണ്ട് അനുവദിക്കാത്തതിനാൽ വീണ്ടും 2017 മാർച്ച് മാസം 27-ാം തീയതി, തൊഴിലാളികളുടെ വേതന കുടിശ്ശിക തുക എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് കേന്ദ്ര ഫണ്ട് ഏറ്റവും അത്യാവശ്യമായിരുന്നിട്ടും 31-03-2017 വരെ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നില്ല.<br>27-03-2017-ൽ കേന്ദ്ര സർക്കാർ J-11012/1/17-MGNREGA-V നമ്പർ കത്ത് പ്രകാരം 2017-18-ലെ ആദ്യ ഗഡുവിന്റെ അപേക്ഷ എല്ലാ രേഖകളും അടക്കം സമർപ്പിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01-04-2017-ലെ 1/എം.ജി.എൻ ആർ.ഇ.ജി.എ (കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 97,764.15 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട മൊത്തം തുകയായ 97,764.15 ലക്ഷം രൂപയിൽ അവിദഗ്ധ കായിക കൂലിയിനത്തിൽ 2016-17-ലെ കുടിശ്ശിക തീർക്കുന്നതിന് 78,459.5 ലക്ഷം രൂപയും 2017-18-ലെ ആദ്യ മൂന്ന് മാസക്കാലത്തേയ്ക്കുള്ള കൂലി തുകയായ 9,624.69 ലക്ഷം രൂപയും അടക്കം മൊത്തം 88,084.19 ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. കേന്ദ്ര ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിൻമേൽ അനുകൂല തീരുമാനം ലഭ്യമാക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംസ്ഥാന മിഷനിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ), അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജെ.ആർവൈ) എന്നിവർ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നേരിട്ട് ഹാജരായി, സംസ്ഥാനം 01-04-2017-ൽ സമർപ്പിച്ച 1/എം.ജി.എൻ.ആർ.ജി.എ (കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്ത് കേന്ദ്ര സർക്കാർ പരിശോധിക്കുകയും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 05-04-2017, 06-04-2017 തീയതികളിലായി സമർപ്പിക്കുകയും ചെയ്തു.<br>എന്നാൽ 10-04-2017-ലെ എഫ്. നം. ജെ-12020/02/2017-എം.ജി.എൻ.ആർ.ഇ.ജി.എ-VIII. Sl.No.10 (NeFMS) ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12,283.79 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്.<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31.03.2017 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിന് 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ച ശേഷം 30 ദിവസത്തെ അധിക കാലയളവ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ഇപ്രകാരം അധികമായി അനുവദിച്ച 30 ദിവസത്തെ കണക്കുകൾ കൂടി ഉൾപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം കൂലിയിനത്തിൽ 75,943.83 ലക്ഷം രൂപ കുടിശ്ശിക തീർക്കുന്നതിന് ആവശ്യമായിരുന്നു.<br>മേൽ സൂചിപ്പിച്ച വിഷയങ്ങൾ പരാമർശിച്ച് 2017 ഏപ്രിൽ മാസം 12-)o തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക കാലതാമസംവിനാ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേന്ദ്ര ഗ്രാമ വികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഇതോടൊപ്പം 21-04-2017-ലെ അർദ്ധ ഔദ്യോഗിക നം. 1/എം.ജി.എൻ.ആർ.ഇ.ജി.എ/സി.എസ്/2017-18 കത്തു മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് അടിയന്തിരമായി 2016-17-ലെ കൂലി കുടിശ്ശിക തുകയും 2017-18-ലെ പദ്ധതി തുകയും അടിയന്തിരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. 07-07-2017-ന് 2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശികയും കേന്ദ്ര സർക്കാർ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ